**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** **29-01-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ എല്ലാം സംസ്ഥാന തലത്തിൽ നടപ്പാക്കുന്നവയാണ്. ഈ സർക്കാരിന്റെ കാലയളവിൽ, വകുപ്പ് സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന വകുപ്പുതല ഓഫീസുകളുടെ നവീകരണം, വിശപ്പുരഹിതകേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കുന്നത്തുനാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ നവീകരണം നിർവ്വഹിക്കുകയും, കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടലും, വാഴക്കുളം പഞ്ചായത്തിലും, കിഴക്കമ്പലം പഞ്ചായത്തിലും ഓരോ കെ സ്റ്റോറുകൾ വീതം പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | താലൂക്ക് സപ്ലൈ ഓഫീസിന്റെ നവീകരണത്തിനായി Rs.15,47,846/-രൂപയും, വിശപ്പുരഹിത കേരളം സുഭിക്ഷ പദ്ധതിക്കായി Rs.1,63,220/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ഓഫിസ് നവീകരണ പ്രവർത്തനങ്ങൾ 90% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കിനായി അനുവദിച്ച തുക PWD ക്ക് കൈമാറിയിട്ടുണ്ട്. സുഭിക്ഷ ഹോട്ടൽ നിലവിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ